കെ.സി ജലീൽ പുളിക്കൽ

# പിരിമുറുക്കത്തിന്റെ അടിവേര് അന്വേഷിച്ചാൽ

عَنْ أَبِي هُرَيْرَةَ - رضى الله عنه - قَالَ: قَالَ رَسُولُ اَللَّهِ - صلى الله عليه وسلم : انْظُرُوا إِلَى مَنْ هُوَ أَسْفَلَ مِنْكُمْ ، وَلَا تَنْظُرُوا إِلَى مَنْ هُوَ فَوْقَكُمْ ، فَهُوَ أَجْدَرُ أَنْ لَا تَزْدَرُوا نِعْمَةَ اَللَّهِ عَلَيْكُمْ (مسلم).

**അബൂഹുറയ്റ(റ)യിൽനിന്ന്. നബി(സ) പറഞ്ഞു: 'നിങ്ങൾ നിങ്ങളെക്കാൾ താഴെയുള്ളവരിലേക്ക് നോക്കുക, നിങ്ങളേക്കാൾ ഉയർന്നവരിലേക്ക് നോക്കരുത്. നിങ്ങൾക്ക് അല്ലാഹു നൽകിയ അനുഗ്രഹം നിസ്സാരമായി തോന്നാതിരിക്കാൻ ഏറ്റവും ഉചിതം അതാണ്' (മുസ്‌ലിം).**

മനുഷ്യജീവിതത്തെ വ്യക്തിതലം മുതൽ സാമൂഹികതലം വരെ അടിമുടി മാറ്റിമറിക്കാൻ പര്യാപ്തമായ തിരുവചനമാണിത്. വിശ്വാസത്തെയും ചിന്താഗതിയെയും ഉടച്ചുവാർത്ത്, കർമശേഷിയെ ഉജ്ജീവിപ്പിച്ച് ശരിയായ ദിശയിലേക്ക് തിരിച്ചുവിടാൻ കെൽപുറ്റ സമഗ്രവും എന്നാൽ സംക്ഷിപ്തവുമായ തിരുവചനം.

പിരിമുറുക്കം അഥവാ ടെൻഷൻ-ഇതാണല്ലോ മനുഷ്യൻ ഇന്നഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ ഉത്ഭവ കേന്ദ്രം. മാനസികവും ശാരീരികവുമായ മിക്ക രോഗങ്ങളുടെയും പ്രഭവകേന്ദ്രം ടെൻഷനാണെന്ന് എല്ലാ വൈദ്യശാസ്ത്ര ശാഖകളും ഏകകണ്ഠമായി അംഗീകരിക്കുന്നു. വ്യക്തികളെ ആത്മഹത്യയിലേക്കും കൂട്ടക്കൊലകളിലേക്കുമൊക്കെ നയിക്കുന്നതിന്റെ മൂലഹേതുവും ഈ പിരിമുറുക്കം തന്നെ. പിരിമുറുക്കത്തിന്റെ പ്രഭവകേന്ദ്രം കണ്ടെത്തി പരിഹരിക്കണമെന്ന് ഉദ്ദേശിച്ചിറങ്ങുമ്പോഴാണ് ഈ പ്രവാചക വചനത്തിന്റെ മൂല്യവും വിലയും ഗ്രഹിക്കാനാവുക.

മാത്സര്യബുദ്ധിയോടെ കടിഞ്ഞാണില്ലാതെ കുതിക്കുന്ന അത്യാർത്തിയാണ് പിരിമുറുക്കത്തിന്റെ പ്രഭവകേന്ദ്രം. ഇത് കണ്ടെത്തി ഉന്മൂലനം ചെയ്യാനാകാത്തതാണ് മനുഷ്യന്റെ പരാജയം. ഇവിടെയാണ് ദിവ്യപ്രകാശത്തിന്റെ അനിവാര്യത. ഒരുദാഹരണമിതാ:

ഇസ്‌ലാമിക ചിന്തകനും എഴുത്തുകാരനുമായ മുഹമ്മദ് അസദ് ജൂത സമുദായത്തിൽ പിറന്നയാളാണ്. പുരോഗതിയിലും സമ്പന്നതയിലും മുന്നിലെത്തിയ പാശ്ചാത്യർ എന്തുകൊണ്ട് അസ്വസ്ഥ ജീവിതം നയിക്കുന്നു എന്ന് യാത്രക്കിടെ അദ്ദേഹം ചിന്തിച്ചു. ഇക്കാര്യം ചിന്തിച്ചു തലപുകഞ്ഞിരിക്കെയാണ് ഖുർആനിലെ *അത്തകാസുർ* എന്ന ചെറിയ അധ്യായത്തിലെ ആദ്യ സൂക്തങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെടുന്നത്: ''കിടമത്സരത്തോടെ അത്യാർത്തിയുമായുള്ള മുന്നോട്ടുപോക്ക് നിങ്ങളെ അസ്വസ്ഥരാക്കിയിരിക്കുന്നു. ശവക്കല്ലറയിലെത്തിയേ ഇതടങ്ങൂ.'' ഖുർആനിന്റെ ഈ കൊച്ചുവചനം കണ്ട് അദ്ദേഹം സ്തബ്ധനായി. 'ഇതാണല്ലോ ഞാൻ തേടിക്കൊണ്ടിരുന്നത്'- അദ്ദേഹം സ്വയം പറഞ്ഞുപോയി (*മക്കയിലേക്കുള്ള പാത*). ഇതാണ് അദ്ദേഹത്തെ ഇസ്‌ലാമിലേക്കെത്തിച്ചത്.

മൗലാനാ മൗദൂദിയുടെ വാക്കുകൾ ഇതോട് ചേർത്തു വായിക്കാം: ''ഒരുപാട് ചിന്തകന്മാരുടെ നിരവധി ഗ്രന്ഥങ്ങൾ വായിച്ച് ഞാൻ ഒരു വലിയ 'ലൈബ്രറി' തന്നെ മനസ്സിലിറക്കിവെച്ചു. എന്നാൽ കണ്ണുതുറന്ന് ഖുർആൻ വായിച്ചു നോക്കിയപ്പോൾ ഈ ചിന്തകന്മാരെല്ലാം കൊച്ചു കുട്ടികളായാണ് എനിക്കനുഭവപ്പെട്ടത്. ജീവിതകാലം മുഴുവൻ മിനക്കെട്ടിട്ടും അവർക്കൊന്നും പരിഹാരം കാണാൻ സാധിക്കാത്ത പ്രശ്നം ഖുർആൻ ഒന്നോ രണ്ടോ വാചകങ്ങളിലൂടെ പരിഹാരം നിർദേശിക്കുകയുണ്ടായി. എല്ലാ പൂട്ടുകളും തുറക്കാൻ കഴിയുന്ന 'മാസ്റ്റർ കീ' ആയാണ് ഖുർആനിനെ ഞാൻ കണ്ടത്'' - അതേ, ദിവ്യവചനമായ ഖുർആനിന്നും ദിവ്യസന്ദേശമായ പ്രവാചക വചനത്തിന്നും മാത്രമേ ഇതു സാധിക്കൂ. അത്തരം വചനങ്ങളിലൊന്നാണിത്.

സാമ്പത്തിക ശേഷിയിൽ തനിക്ക് മുകളിലുള്ളവരെ നോക്കി, തനിക്കും അങ്ങോട്ടെത്തണമെന്ന ചിന്ത ജനിക്കുന്നതോടെ അത്യാർത്തിയും അസ്വാസ്ഥ്യവും ആരംഭിക്കുകയായി. ഇതോടെ തനിക്ക് പ്രിയങ്കരമായിരുന്ന തന്റെ വീട് വെറുക്കപ്പെട്ട കൂരയായി മാറുന്നു. വാഹനവും ഇതുപോലെ അന്യവും വെറുക്കപ്പെട്ടതുമായി മാറുന്നു. ജോലിയോടുള്ള വെറുപ്പ് ഉള്ള ജോലിയും നഷ്ടപ്പെടാനിടയാക്കുമ്പോൾ കൂടുതൽ അസ്വസ്ഥനായി ലഹരിയിൽ അഭയം തേടും. പിന്നെ എല്ലാം നഷ്ടപ്പെടുകയായി.

ഇവിടെയാണ് ഈ പ്രവാചക വചനം പ്രശ്നപരിഹാരവുമായെത്തുന്നത്. സാമ്പത്തികരംഗത്തും ഭൗതിക സുഖാഡംബരങ്ങളിലും തന്നേക്കാൾ മുകളിലുള്ളവരിലേക്ക് നോക്കുന്ന സ്വഭാവം തീരെ ഉപേക്ഷിക്കുക. മുകളിലുള്ളവരിലേക്ക് നോക്കിത്തുടങ്ങിയാൽ സ്വസ്ഥതയില്ലാതെ മണ്ണടയേണ്ടിവരുമെന്നു മുകളിലുദ്ധരിച്ച ഖുർആൻ വചനവും താക്കീതു ചെയ്യുന്നു.

തന്നേക്കാൾ താഴെയുള്ളവരിലേക്ക് നോക്കാനാണ് നബിവചനം തുടർന്നാവശ്യപ്പെടുന്നത്. അപ്പോഴാണ് തനിക്ക് ലഭിച്ച അനുഗ്രഹം ബോധ്യപ്പെടുക. അപ്പോഴാണ് സ്രഷ്ടാവിനോട് നന്ദി പറയാൻ സാധിക്കുക. എനിക്ക് കണ്ണുണ്ടല്ലോ; കണ്ണില്ലാത്തവരെത്രയുണ്ട്! അവർക്ക് ലോകമാകെ കൂരിരുൾ. ഒരക്ഷരം ഉരിയാടാനാകാത്ത, ഒരു ശബ്ദവും കേൾക്കാത്ത, ഒന്നെണീക്കാനാവാത്ത, ആരാരുമില്ലാത്ത, ഒന്നു തലചായ്ക്കാനിടമില്ലാത്ത, നാടും വീടുമില്ലാത്ത, ആട്ടിയോടിക്കപ്പെട്ട, ഒരു നേരത്തെ ആഹാരത്തിന് വകയില്ലാത്ത... അങ്ങനെ എന്നേക്കാൾ താഴെ എത്രയെത്ര മനുഷ്യരാണുള്ളത്!

ഞാനെത്ര ഭാഗ്യവാൻ! സ്രഷ്ടാവ് എന്നെ ന്യൂനതയില്ലാതെ, അംഗവൈകല്യങ്ങളില്ലാതെ, ബാഹ്യവും ആന്തരികവുമായതെല്ലാം വേണ്ട അളവിൽ, വേണ്ട രൂപത്തിൽ നൽകി അനുഗ്രഹിച്ചിരിക്കുന്നു. 'ഉള്ളതിൽ സംതൃപ്തി, അതാണ് ശ്രേഷ്ഠ ഗുണം' എന്ന വചനം എത്ര അർഥഗർഭം! ●